# പതിമൂന്നാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2142 10.10.2011-ലെ മറുപടിക്ക്

## വട്ടിയൂർക്കാവിലെ വിവിധ വാട്ടർ പൈപ്പ് ലൈനുകളുടെ ഇന്റർ കണക്ഷൻ

**ചോദ്യം**

ശ്രീ. കെ. മുരളീധരൻ

(എ) വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ ''ജിക്ക'', ജെ.എൻ.എൻ.ആർ.യു.എം. വാട്ടർ അതോറിറ്റി എന്നിവ സ്ഥാപിച്ചിട്ടുള്ള വിവിധ പൈപ്പ് ലൈനുകൾ ഇന്റർ കണക്ഷൻ നടത്തി ജലവിതരണം സുഗമമാക്കുന്ന പണിയുടെ പുരോഗതി വിശദമാക്കുമോ ;

**മറുപടി**

ശ്രീ. പി.ജെ. ജോസഫ്

(ജലവിഭവ വകുപ്പ് മന്ത്രി)

(എ) വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ ''ജിക്ക'' (ജെ.ഐ.സി.എ) പ്രോജക്ടിന് കീഴിൽ താഴെ പറയുന്ന 14 സ്ഥലങ്ങളിൽ വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള പൈപ്പ് ലൈനും ജെ.ഐ.സി.എ ലൈനുമായി ബന്ധിപ്പിച്ച് ശുദ്ധജല വിതരണം നടത്തി കൊണ്ടിരിക്കുന്നു.

1) കാച്ചാണി സ്കൂളിനു സമീപം
2) മുക്കോല ജംഗ്ഷൽ
3) മാമ്പഴക്കുന്ന്
4) പേരൂർക്കട വഴയില റോഡിൽ താമരശ്ശേരി ബേക്കറിക്കു സമീപം
5) സെന്റ് സാന്തൽ സ്ക്കൂളിനു സമിപം
6) മേലത്തുമേലെ ജംഗ്ഷൽ
7) പാപ്പാട്
8) വയലിക്കട
9) പാണൽകര
10) പ്ലാവോട്
11) നേതാജിറോഡ്
12) കടയിൽമുടമ്പ്
13) വെള്ളെക്കടവിനു സമീപം
14) മരുതൻകുഴി

ഇതുകൂടാതെ കുടപ്പനക്കുന്നിലുള്ള ടാങ്കിൽ നിന്നും ഇരപ്പുക്കുഴി, മുക്കോല ജംഗ്ഷൽ മണ്ണന്തല ബൈപാസ് റോഡ് എന്നീ സ്ഥലങ്ങളിൽ ജിക്കയുടെ ലൈനും വാട്ടർ അതോറിറ്റിയുടെ ലൈനുമായി ബന്ധിപ്പിക്കുന്നതിനുള്ള ജോലികൾ പുരോഗമിക്കുന്നു.

ജെ.എൻ.എൽ.യു.ആർ.എം-ന് കീഴിൽ വട്ടിയൂർക്കാവ് സോണിൽ ഉൾപ്പെട്ട സ്ഥലങ്ങളിൽ ഇന്റർ കണക്ഷൽ ജോലികൾ പൂർത്തീകരിച്ച് ജലവിതരണം നടത്തിവരുന്നു. പേരൂർക്കട സോണിൽ 624 ഇന്റർ കണക്ഷനുകളിൽ 25 എണ്ണം പൂർത്തീകരിച്ചു. തിരുമല സോണിൽ 150 ഇന്റർകണക്ഷനുകൾ ചെയ്യുവാനുണ്ട്.

) ഈ പ്രവൃത്തി എന്ന് പൂർത്തിയാക്കാനാവുമെന്ന് അറിയിക്കുമോ ?

(ബി) ഈ മാസം 15-ാം തീയതിയോടുകൂടി ജെ.ഐ.സി.എ പ്രോജക്ടിനു കീഴിൽ വരുന്ന വട്ടിയൂർക്കാവ് നിജോജകമണ്ഡലത്തിലെ മേൽ പറഞ്ഞ പ്രവൃത്തികൾ പൂർത്തിയാക്കുവാൻ കഴിയും.

ജെ.എൽ.എൻ.യു.ആർ.എമ്മിന് കീഴിൽ വരുന്ന പ്രവൃത്തികൾ നഗരസഭ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് ടാർ കട്ടിംഗിനുള്ള തുക അടച്ച് അനുമതി ലഭ്യമാക്കുന്നതനുസരിച്ച് പൂർത്തീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ